**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1878** **20-06-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ മെട്രോ മാതൃകയിൽ ബജറ്റുബോട്ടുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴയുടെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ബോട്ടു സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി സാധാരണക്കാർക്കുകൂടി പ്രാപ്യമാകുന്ന തരത്തിൽ ആലപ്പുഴ കേന്ദ്രീകരിച്ച് ആലപ്പുഴ-മുഹമ്മ-പാതിരാമണൽ വേഗ സർവീസ്, കുട്ടനാട് കേന്ദ്രീകരിച്ച് സീ കുട്ടനാട് സർവീസ്, മുഹമ്മ-പാതിരാമണൽ വാട്ടർ ടാക്സി സർവീസ് എന്നിവ ജലഗതാഗത വകുപ്പ് വിജയകരമായി നടത്തി വരുന്നു. ഇത്തരത്തിൽ ടൂറിസം സർവീസുകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലയുടെ ടൂറിസം സാധ്യതകൾക്ക് പ്രാധാന്യം നൽകി ജലഗതാഗത വകുപ്പ് ആധുനിക സൗകര്യങ്ങളോടു കൂടിയതും 20 പേർക്ക് യാത്രചെയ്യാവുന്നതുമായ സോളാർ ഇലക്ട്രിക്ക് എ.സി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെലവ് കുറഞ്ഞതും പരിസ്ഥിയോടു ഇണങ്ങിയതുമായ യാത്രാമാർഗ്ഗമെന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ ചെറിയ കനാലുകളിലൂടെ സഞ്ചരിച്ച് ഗ്രാമീണ ഭംഗി ആസ്വദിക്കുന്നതിനും കുട്ടനാട്ടിലെ ദൈനം ദിന ജീവിതശൈലികൾ നേരിട്ട് കാണുന്നതിനും പ്രസ്തുത ബോട്ടുകൾ സഞ്ചാരികൾക്കു പ്രയോജനകരമാകുന്നതാണ്. |
| (ബി) | വിനോദസഞ്ചാരത്തിന് ഉതകുന്ന രീതിയിൽ വാട്ടർ മെട്രോ മാതൃകയിൽ ബജറ്റുബോട്ടുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ മുൻകൈ എടുക്കുമോ; വിശദമാക്കാമോ? | (ബി) | വിനോദ സഞ്ചാരത്തിന് ഉതകുന്ന രീതിയിൽ ചെലവുകുറഞ്ഞതും പരിസ്ഥിതിയോടിണങ്ങിയതുമായ യാത്രാമാർഗം, പൊതുജനങ്ങൾക്ക് നൽകുന്ന രീതിയിലാണ് ജലഗതാഗത വകുപ്പ് ബോട്ടുകൾ നിർമ്മിച്ച് വരുന്നത്. നിലവിൽ ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി സാധാരണക്കാർക്കുകൂടി പ്രാപ്യമാകുന്ന തരത്തിൽ ആലപ്പുഴ കേന്ദ്രീകരിച്ച് ആലപ്പുഴ-മുഹമ്മ-പാതിരാമണൽ വേഗ സർവീസ്, കുട്ടനാട് കേന്ദ്രീകരിച്ച് സീ കുട്ടനാട് സർവീസ്, മുഹമ്മ-പാതിരാമണൽ വാട്ടർ ടാക്സി സർവീസ്, കൊല്ലം കേന്ദ്രീകരിച്ച് സീ അഷ്ടമുടി സർവീസ്, പറശ്ശിനിക്കടവ് കേന്ദ്രീകരിച്ച് വാട്ടർ ടാക്സി സർവീസും ടൂറിസം ഫ്രണ്ട്‌ലി |

| | | | |
|---|---|---|---|
| | | | സർവീസും ജലഗതാഗത വകുപ്പ് വിജയകരമായി നടത്തി വരുന്നു. കൂടാതെ ബഡ്ജറ്റ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ തന്നെ ആദ്യത്തെ സോളാർ ക്രൂയിസ് വെസ്സൽ നിർമ്മിച്ച് എറണാകുളം മേഖലയിൽ വിജയകരമായി സർവീസ് നടത്തി വരുന്നു. സോളാർ ബോട്ടുകളുടെ പ്രവർത്തനം വിജയകരമായതിനെ തുടർന്ന് 5 വർഷം കൊണ്ട് 50% ബോട്ടുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഡീസൽ ബോട്ടുകൾ സർവീസിൽ നിന്നും ഘട്ടംഘട്ടമായി ഒഴിവാക്കി സോളാർ ഇലക്ട്രിക് ബോട്ടുകൾ വിനോദ സഞ്ചാരമേഖലയിൽ നൽകുന്നതിനാൽ വളരെ കുറഞ്ഞ ചെലവിൽ സാധാരണക്കാരന് ബജറ്റ് ബോട്ടുകളുടെ സേവനം ലഭ്യമാകുന്നതാണ്. വാട്ടർ മെട്രോ നിർമ്മിക്കുന്ന ബോട്ടുകളുടെ അതെ സൗകര്യങ്ങൾ നൽകുന്ന തരത്തിലാണ് വളരെ ചെലവ് കുറച്ച സോളാർ ഇലക്ട്രിക്ക് ബോട്ടുകൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ വിവിധ പാസഞ്ചർ കപ്പാസിറ്റിയിലുള്ള 18 സോളാർ ഇലക്ട്രിക്ക് ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ